II ഇ.ബി.XIV-കേരള നിയമസഭ/V-19

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

67(* 571) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ ഏകീകരണം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് രണ്ടാഴ്ചയിലൊരിക്കൽ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്ന് നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നും പദ്ധതി രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നും 13-ാം പദ്ധതി നിർവ്വഹണം

കാര്യക്ഷമമാക്കുന്നതിനായി വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയതിനുശേഷം വെറ്റിംഗ് നടത്തുന്ന രീതി അവലംബിക്കുകയും നഗര പ്രദേശങ്ങളുടെ വികസനത്തിന് പ്രത്യേക ഊന്നൽ നൽകി നഗരവത്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കുകയും പ്രോജക്ടുകളുടെ വെറ്റിംഗിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 190-ഓളം പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ നിയമനം പൂർത്തീകരിച്ചുവെന്നും ഓരോ പഞ്ചായത്തിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയറുടെയും രണ്ട് ഓവർസിയർമാരുടെയും സേവനം ഉറപ്പുവരുത്തുമെന്നും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് എഞ്ചിനീയറിംഗ് വിംഗ് ശക്തിപ്പെടുത്തുമെന്നും ഒഴിവുള്ള തസ്തികകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 70 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചുവെന്നും ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചുവെന്നും 841 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം

പൂർത്തീകരിച്ചുവെന്നും മലപ്പുറം ജില്ലയിലെ പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം ഹയർ പോസ്റ്റിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ബഡ്സ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്കരണ ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുകയും ഹയർ സെക്കണ്ടറി-ഹൈസ്കൂൾ ലൈബ്രേറിയന്മാർ, പകൽവീട്-വൃദ്ധസദനം-ജാഗ്രതാ സമിതി ജീവനക്കാർ, സ്കൂൾ കൗൺസിലർമാർ എന്നിവർക്ക് ഓണറേറിയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും 41,475/ രൂപ പ്രതിമാസ ശമ്പളാടിസ്ഥാനത്തിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. വിവിധ മേഖലകളിലെ പഞ്ചായത്ത്-നഗരസഭാ-ഗ്രാമവികസന വകുപ്പുകളെ കോമൺ സർവ്വീസിന്റെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തികരിച്ചുവരികയാണെന്നും ഗ്രാമപഞ്ചായത്ത്/തദ്ദേശഭരണ സ്ഥാപനങ്ങളുടെ

അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറുന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്തുമെന്നും ജനസംഖ്യാനുപാതികമായി പഞ്ചായത്തുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും ജീവനക്കാരെ പുനർവിന്യസിക്കുന്ന കാര്യവും മലപ്പുറത്തെ വനിതാഘടക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രശ്നവും പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

68(* 572) <u>ജൈവകർഷകർക്ക് പ്രാദേശികതലത്തിൽ അംഗീകാരം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, ജൈവ കർഷകർക്ക് പ്രാദേശിക തലത്തിൽ അംഗീകാരം നൽകുന്നതിന് ജൈവ കാർഷിക മണ്ഡലം അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി 123 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും ജൈവവളവും ജൈവകീടനാശിനിയും കൃഷിയിടങ്ങളിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി 146 ബ്ലോക്കുകളിലെ 730 ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് 5000 രൂപ ക്രമത്തിൽ 36.50 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു.

കർഷകരുടെ കാർഷികോൽപ്പന്നങ്ങൾ "കേരള ഓർഗാനിക് " എന്ന ബ്രാൻഡിൽ വിപണനം നടത്തുന്നതിനായി 66 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും പുതുതായി പ്രവർത്തനമാരംഭിക്കുന്ന 100 ഇക്കോഷോപ്പുകൾക്ക് 2.00 ലക്ഷം രൂപ വീതം ധനസഹായം നൽകി വരുന്നുണ്ടെന്നും ഇക്കോഷോപ്പുകൾ വഴി വിൽപ്പന നടത്തുന്ന പച്ചക്കറികൾ കിലോയ്ക്ക് 5 രൂപ ക്രമത്തിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാന തലത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന റെസിഡൻഷ്യൻ അസോസിയേഷനുകൾക്ക് അവാർഡ് നൽകുമെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഓണക്കാലം ലക്ഷ്യം വച്ച് 'ഒരുമുറം പച്ചക്കറി' പദ്ധതി നടപ്പിലാക്കുമെന്നും ജൈവവള-കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പച്ചക്കറികളിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലും അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് പരിശോധനകൾ നടത്തുന്നുണ്ടെന്നും 3330 യൂണിറ്റുകൾക്ക് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് പരിശീലനം നൽകുമെന്നും മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്നും ജൈവകർഷകരെ സഹായിക്കുന്നതിനായി പാക്കേജ് ഓഫ് പ്രാക്ടീസ്

പുറത്തിറക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കേരള ഗ്രാമീൺ ബാങ്കുമായി സഹകരിച്ച് വട്ടവട-കാന്തല്ലൂർ പ്രദേശങ്ങളിലെ ജൈവകർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ടി പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കുമെന്നും നെല്ലുൽപ്പാദന രംഗത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ജൈവവള ലഭ്യത ഉറപ്പുവരുത്താനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണെന്നും മന്ത്രി വ്യക്തമാക്കി. ആർ.കെ.വി.വൈ-കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെട്ട മൈക്രോ ഇറിഗേഷൻ പ്രോജക്ടുകൾക്ക് സബ്സിഡി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഈ വർഷം ബ്ലോക്കുതലത്തിൽ മോഡൽ ഫാം രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുമെന്നും കേരള സീഡ് അതോറിറ്റിയും നാഷണൽ സീഡ് കോർപ്പറേഷനും സംയുക്തമായി നെൽകർഷകർക്കാവശ്യമായ വിത്ത് സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

69(* 573) <u>ആശ്രയ പദ്ധതി</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആശ്രയ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ

വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ടെന്നും പങ്കാളിത്ത സർവ്വേയിലൂടെ കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, സാനിട്ടേഷൻ, ആരോഗ്യപരിരക്ഷ, തുടർചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കായി ഫണ്ട് വകയിരുത്തുന്നുണ്ടെന്നും വിവിധ ക്ഷേമപദ്ധതികളിൽ നിന്നും കുടുംബശ്രീ ചലഞ്ച് ഫണ്ട്, പഞ്ചായത്ത് ഫണ്ട്, മറ്റ് ധനസ്രോതസ്സുകൾ എന്നിവയിൽ നിന്നും ഇതിലേയ്ക്കാവശ്യമായ തുക കണ്ടെത്താറുണ്ടെന്നും സഭയെ അറിയിച്ചു. അടുത്ത മൂന്നു വർഷത്തിനുള്ളിൽ അഗതിരഹിത കേരളം സൃഷ്ടിക്കുമെന്നും 1,50,665 കുടുംബങ്ങളെ ആശ്രയ പദ്ധതിയിൻകീഴിൽ കൊണ്ടുവന്നിട്ടുണ്ടെന്നും അർഹരായവരെ ഉൾപ്പെടുത്തിയും അനർഹരായവരെ ഒഴിവാക്കിക്കൊണ്ടുമുള്ള അന്തിമ ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമെന്നും ഇവർക്കായി ഏകീകൃത പദ്ധതി തയ്യാറാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആശ്രയ പദ്ധതിയിലുൾപ്പെടുന്ന, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരെ "ലൈഫ് മിഷന്റെ" ഫ്ലാറ്റ് സമുച്ചയങ്ങളിലേയ്ക്ക് മാറ്റി താമസിപ്പിക്കുമെന്നും ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന അഗതി-വൃദ്ധ മന്ദിരങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

70(*574) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ മലിന്യശേഖരണം</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ക്ലീൻ കേരള കമ്പനിയുടെയും ആഭിമുഖ്യത്തിൽ ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക്, ഗ്ലാസ്, ഇ-വേസ്റ്റ്, ഷ്രഡഡ്ഡ് പ്ലാസ്റ്റിക് എന്നിവ ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉത്പാദകർ, ബ്രാൻഡ് ഓണർമാർ, ഡീലർമാർ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്ത് റീസൈക്ലിംഗ് പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേരളത്തെ മാലിന്യ വിമുക്തമാക്കാൻ ഒറ്റക്കെട്ടായി ശ്രമിക്കണമെന്നും ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾ തന്നെ റീ സൈക്ലിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്ന തരത്തിൽ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5189 മുതൽ 5426 വരെയുള്ള ചോദ്യങ്ങളിൽ 100 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)